PROCEEDINGS OF
THE KERALA LEGISLATIVE ASSEMBLY

First Session—1959.

(Second Meeting)

Monday, the 4th May 1959.

Vol. VII] OFFICIAL REPORT [No. 44

The Assembly met in the Assembly Chamber, Trivandrum, at Eleven of the Clock on Monday, the 4th May 1959 with Mr. Speaker in the Chair.

QUESTIONS AND ANSWERS

(The number within brackets indicates the number in the list of admitted questions for the day).

ORAL ANSWERS.

പൊതുമരാമത്തുവകുപ്പു പുനഃസംഘടന.

*1286. [1] ശ്രീ. സി. എ. മാത്യു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തുവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പൊതുമരാമത്തുവകുപ്പ് പുനഃസംഘടിപ്പിച്ചു് ഉത്തരവുകൾ പാസ്സാക്കിയിട്ടുണ്ടോ ; ഉണ്ടെങ്കിൽ വകുത്തിയിട്ടുള്ള മാറ്റങ്ങൾ എന്തെല്ലാം ;

(ബി) പുനഃസംഘടനയ്ക്കുവിധേയമാക്കിയ സാഹചര്യങ്ങൾ എന്തെല്ലാം ; മാറ്റങ്ങൾ കൊണ്ടുള്ള പ്രയോജനങ്ങൾ എവ ?

പൊതുമരാമത്തുവകുപ്പു മന്ത്രി (ശ്രീ. ടി. അബ്ദുൽ മജീദ്) :

(എ) ഉണ്ട്. മറ്റുള്ള ഡിപ്പാർട്ടുമെന്റുകളിൽ ഇതുവരെ എൻജിനീയർമാരെ അവിടെനിന്നും പൊതുമരാമത്തു വകുപ്പിലേക്ക് കൊണ്ടുവരികയുണ്ടായി.

(ബി) പൊതുമരാമത്തുവകുപ്പിന്റെ കാര്യക്ഷമതയെ പ്രവർത്തനത്തിനുവേണ്ടി പുനഃസംഘടന ആവശ്യമാണെന്നുകണ്ടുകൊണ്ടു് അപ്രകാരം ചെയ്തു.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. സി. എ. മാത്യു : എന്നു മുതൽക്കാണു് ഈ പുനഃസംഘടന പ്രാബല്യത്തിൽ വന്നതു് എന്നു പറയാമോ ?

ശ്രീ. ടി. അബ്ദുൽ മജീദ് : ഏപ്രിൽ 1-ാം തീയതി മുതൽ.

ശ്രീ. സി. എ. മാത്യു : ഏപ്രിൽ 1 മുതൽക്കുള്ള പ്രവർത്തനങ്ങളെല്ലാം നടത്തുന്നതു് ഈ പുനഃസംഘടന പ്രകാരമാണോ ?

ശ്രീ. ടി. അബ്ദുൽ മജീദ് : പുനഃസംഘടന നടത്തിയ തീയതി മുതൽ പ്രവർത്തനം ആരംഭിച്ചിട്ടുണ്ടു്.

ശ്രീ. തോപ്പിൽ ഭാസ്കരൻ പിള്ള : ഈ പുനഃസംഘടന മൂലം ഗവണ്മെന്റിനു് എന്തെങ്കിലും ആദായം ഉണ്ടായിട്ടുണ്ടോ ?

ശ്രീ. ടി. അബ്ദുൽ മജീദ് : 6 ലക്ഷത്തോളം രൂപ ലാഭമുണ്ടാകുമെന്നാണു് പ്രതീക്ഷിക്കുന്നതു്.

ശ്രീ. ഇ. പി. ഗോപാലൻ : ഏതെങ്കിലും ഡിപ്പാർട്ടുമെന്റിലുള്ള എൻജിനീയറന്മാരെ മരാമത്തു് വകുപ്പിലേക്കു് എടുക്കാതെ ബാക്കിയുണ്ടോ ?

ശ്രീ. ടി. അബ്ദുൽ മജീദ് : പബ്ലിക്കു് ഹെൽത്തു് ഡിപ്പാർട്ടുമെന്റിലുണ്ടു്.

ശ്രീ. കെ. എ. ബാലൻ : ആകെ എത്ര സബ്ഡിവിഷനാഫീസർമാർ ഈ പുനഃസംഘടന നടത്തിയതുകൊണ്ടു് ഇപ്പോൾ ഈ ഡിപ്പാർട്ടുമെന്റിലുണ്ടു് ?

ശ്രീ. ടി. അബ്ദുൽ മജീദ് : മിക്കവാറും, ഒരു താലൂക്കിനു് ഒന്നു് എന്ന കണക്കിനാണു്.

ശ്രീ. കെ. ഹസ്സൻഗനി : പബ്ലിക്കു് ഹെൽത്തു ഡിപ്പാർട്ടുമെന്റിൽനിന്നും എൻജിനീയറന്മാരെ പൊതുമരാമത്തുവകുപ്പിന്റെ കീഴിൽ കൊണ്ടുവരാതിരുന്നതിനു് വല്ല പ്രത്യേക കാരണങ്ങളുമുണ്ടോ ?

ശ്രീ. ടി. അബ്ദുൽ മജീദ് : പബ്ലിക്കു് ഹെൽത്തു ഡിപ്പാർട്ടുമെന്റിന്റെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമായി നടത്തുന്നതിനു് അതു പ്രത്യേകമായി ആവശ്യമുണ്ടു് എന്നു് തീരുമാനിച്ചതുകൊണ്ടാണു്.

ശ്രീ. കെ. ഹസ്സൻഗനി : അങ്ങനെ വരുന്നതുകൊണ്ടു് ഇപ്പോൾ പബ്ലിക്കു് ഹെൽത്തു് വകുപ്പിൽ ജോലി ചെയ്തിരുന്ന ആളുകൾക്കു് വളരെയധികം ബുദ്ധിമുട്ടുകൾ അവരുടെ സീനിയാറിട്ടി കാര്യത്തിലും മറ്റും ഉള്ളതായി പരാതികൾ ലഭിച്ചിട്ടുണ്ടോ ?

ശ്രീ. ടി. അബ്ദുൽ മജീദ് : ആർക്കു് ബുദ്ധിമുട്ടുണ്ടെന്നാണു് പറഞ്ഞതു് ?

ശ്രീ. കെ. ഹസ്സൻഗനി : അവരുടെ സീനിയാറിട്ടിയുടെ കാര്യത്തെ സംബന്ധിച്ചു തന്നെയാകും പബ്ലിക്കു് ഹെൽത്തിൽ പോയതുകൊണ്ടു് ബുദ്ധിമുട്ടുണ്ടെന്നും കാണിച്ചു് വല്ല പരാതിയും കിട്ടിയിട്ടുണ്ടോ ?

ശ്രീ. ടി. അബ്ദുൽ മജീദ് : പബ്ലിക്കു് ഹെൽത്തിൽ പോയതുകൊണ്ടു് അവർക്കു് യാതൊരു ബുദ്ധിമുട്ടും ഉണ്ടായിട്ടില്ല.

ശ്രീ. സി. എ. മാത്യു : ഇറിഗേഷൻ സബ്ഡിവിഷന്റെ പ്രവർത്തനം ഇപ്പോൾ കാര്യക്ഷമമായി നടക്കുന്നുണ്ടോ ?

ശ്രീ. ടി. അബ്ദുൽ മജീദ് : പ്രവർത്തനക്ഷമതയെ ഉദ്ദേശിച്ചു് ഇപ്പോൾ പരിശോധിച്ചാണു് പുനഃസംഘടിപ്പിച്ചിട്ടുള്ളതു്. കാര്യക്ഷമമായി നടക്കുന്നുണ്ടു്.

ശ്രീ. കെ. മൊയ്തീൻകുട്ടി ഹാജി : മൈനർ ഇറിഗേഷൻ വകുപ്പിൽ പ്രവൃത്തി ചെയ്യുന്ന പല കീഴ്ജീവനക്കാർക്കും പോസ്റ്റിംഗ് ഇതുവരെ കിട്ടിയിട്ടില്ലായെന്നു് പരാതി ലഭിച്ചിട്ടുണ്ടോ ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ടി. അബ്ദുറഹ്മാൻ : കിഴ് ജീവനക്കാരുടെ എണ്ണം അവരിച്ചു ള്ളതിൽ കൂടുതലാണെങ്കിൽ അവർക്ക് പോസ്റ്റിംഗ് കിട്ടിക്കാണുകയില്ല.

ക്രാഫ്റ്റ്സ് ടീച്ചർമാർ.

*1287. [2] ശ്രീ. പി. രാമസ്സിക്കുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 1-3-1959-ൽ കേരളാസ്റ്റേറ്റിൽ ആകെ എത്ര ക്രാഫ്റ്റ്സ് ടീച്ചറന്മാരുണ്ടായിരുന്നു ;

(ബി) തിരുവിതാംകൂർ-കൊച്ചിയിൽ എത്ര ; മലബാറിലെത്ര ;

(സി) ഇതിൽ സ്പിന്നിംഗ് ആൻഡ് വീവിംഗ് ടെയിനിംഗ് കഴിച്ചവരെത്ര ;

(ഡി) മാർച്ച് മാസാവസാനത്തിൽ വല്ല ക്രാഫ്റ്റ്സ് ടീച്ചർമാരേയും പിരിച്ചുവിട്ടുവോ ;

(ഇ) ഉണ്ടെങ്കിൽ എത്ര ;

(എഫ്) പിരിച്ചുവിടാൻ കാരണം ?

വിദ്യാഭ്യാസവകുപ്പുമന്ത്രി (ശ്രീ. ജോസഫ് മുണ്ടശ്ശേരി) :

(എ) to (എഫ്) ഓരോ വിഭാഗങ്ങളെ തിരിച്ചുള്ള വിവരങ്ങൾ ശേഖരിച്ചു വരുന്നതേയുള്ളൂ.

ശ്രീ. സി. എ. മാത്യു : ഇതിൽ കുറെപ്പേരെ പിരിച്ചുവിടാൻ ഉത്തരവ് കൊടുത്തിട്ടുണ്ടോ ? ഗവണ്മെൻറാണ് അതിലേക്കുവേണ്ടി ഉത്തരവിട്ടത്. ആ കാര്യത്തെക്കുറിച്ച് ലിസ്റ്റ് വരുത്തേണ്ടതില്ല. ഗവണ്മെൻറിനറിയാവുന്ന കാര്യങ്ങളെസംബന്ധിച്ച് വിവരങ്ങൾ ശേഖരിച്ചുവരുന്നുവെന്നാണ് പറയുന്നത് ശരിയാണോ ? ഞാൻ എ. യുടെയും, ബി. യുടെയും കാര്യമാണ് ചോദിക്കുന്നത്.

ശ്രീ. ജോസഫ് മുണ്ടശ്ശേരി : എല്ലാ സ്കൂളുകളും ചെയ്യാറുള്ളതു്, അണ്ടർ കപ്പാസിറ്റിഡായിട്ടുള്ളവരെ പിരിച്ചുവിടുക എന്നാണ്. അതിനാണ് ഉത്തരവ് കൊടുത്തിട്ടുള്ളത്. അതിലെയെണ്ണത്തെ പിരിച്ചുവിട്ടു എന്നുള്ളതിൽ സ്ഥിരമായി കണക്കു കിട്ടിയിട്ടില്ല.

ശ്രീ. സി. എ. മാത്യു : അണ്ടർ കപ്പാസിറ്റിഡായിട്ടുള്ള എത്ര പേരെ പ്രവേശിപ്പിച്ചിട്ടുണ്ടെന്നു പറയാമോ ?

ശ്രീ. ജോസഫ് മുണ്ടശ്ശേരി : കൃത്യമായി അതു പറയുവാൻ നോട്ടീസ് വേണം.

ശ്രീ. സി. എ. മാത്യു : ഏതെങ്കിലും ജോലി ചെയ്തിരുന്ന ഉദ്യോഗസ്ഥനെ കപ്പാസിറ്റിഡായിട്ടുള്ള ഉദ്യോഗസ്ഥൻ വന്നിട്ടും നിലവിലുള്ള ഉദ്യോഗസ്ഥൻ തുടരണം, അതല്ലെങ്കിൽ കപ്പാസിറ്റിഫിക്കേഷൻ സമ്പാദിച്ചുകൊള്ളണം എന്നുള്ള നിലപാടു് ഈ കാര്യത്തിൽ പാലിച്ചിട്ടുണ്ടോ ?

ശ്രീ. ജോസഫ് മുണ്ടശ്ശേരി : കൂടുതൽ പരിക്ഷണമായ നിലപാടു് സ്വീകരിച്ചിട്ടില്ല. പക്ഷേ, അണ്ടർ കപ്പാസിറ്റിഡായിട്ടുള്ളവരെ പിരിച്ചുവയ്ക്കണം എന്നുള്ളതരത്തിലായിട്ടുണ്ടു്.

ശ്രീ. സി. എ. മാത്യു : ഈ പ്രശ്നം സപ്ലിസിൽ തുടരുന്നതിനുവേണ്ടി പബ്ലിക്ക് സപ്ലിസ് കമ്മീഷനുമായി ആലോചിച്ചിട്ടുണ്ടോ ?

ശ്രീ. ജോസഫ് മുണ്ടശ്ശേരി : പബ്ലിക്ക് സപ്ലിസ് കമ്മീഷൻറെ നിർദ്ദേശമനുസരിച്ചു് അവർ തുടരുന്നുണ്ടു്.

LIBRARY ARCHIVES Kerala Legislative Assembly